DESPATCHED On. 15/3/23

Recd copy 15/3/23


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No. 20(5)/23/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 180/SIC-G7/2023**

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

ഉത്തരവ് തീയതി – 14.03.2023

**ശ്രീ. ആർ. ശിവരാജൻ ചെട്ടിയാർ,**
**ദേവികൃപ, ചെമ്പകമംഗലം,**
**കോരാണി പി.ഒ,**
**തിരുവനന്തപുരം – 695 104.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്,**
**വഞ്ചിയൂർ, തിരുവനന്തപുരം.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,**
**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് – II,**
**കുഞ്ചാലുംമൂട്, കരമന പി.ഒ,**
**തിരുവനന്തപുരം – 695 002.**

**അപ്പീൽ അധികാരി,**
**പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,**
**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് – II,**
**കുഞ്ചാലുംമൂട്, കരമന പി.ഒ,**
**തിരുവനന്തപുരം – 695 002.**

**ഡീംഡ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,**
**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് – II,**
**കുഞ്ചാലുംമൂട്, കരമന പി.ഒ,**
**തിരുവനന്തപുരം – 695 002.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 16.09.2022 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 16.11.2022 |
| ഒന്നാംഅപ്പീൽ | 02.12.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 18.12.2022 |
| രണ്ടാംഅപ്പീൽ | 05.01.2023 |
| ഹിയറിംഗ്തീയതി | 30.01.2023 |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത്, കെ.ബി. 3614/2011/ഇ4 നമ്പർ ഫയലിന്റെ മുഴുവൻ പേജിന്റെയും വിവരങ്ങളും പകർപ്പുകളും, 14.06.2019 ലെ ബഹു. കേരള ഹൈക്കോടതി ഉത്തരവു പ്രകാരം 30.08.2019 ൽ നടത്തിയ ഹിയറിംഗിന്റെ തീരുമാനം ആയതിന്റെ വിശദവിവരം, തീരുമാനം ആയില്ലെങ്കിൽ ആയത് വൈകിയതിനുള്ള കാരണം, ടി കേസിൽ മറ്റ് ഉദ്യോഗസ്ഥരുടെ പങ്ക്, മറ്റ് ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരം, ഇല്ലെങ്കിൽ ആയതിന്റെ കാരണം, ബഹു. ഹൈക്കോടതി 30.01.2015ലും 14.06.2019 ലും ആർ ആറിന് വിലക്ക് ഏർപ്പെടുത്തിയിട്ടും ടിയാന്റെ വസ്തുവിൻമേൽ വില്പന വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരം/പകർപ്പ്, ടി വസ്തുവിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള വില്പന വിലക്ക് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിങ്ങനെയാണ്.

2. പ്രസ്തുത അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് വ്യക്തമായ വിവരം ലഭ്യമാക്കിയിട്ടില്ല എന്ന ആക്ഷേപവുമായിട്ടാണ് ഹർജിക്കാരൻ കമ്മീഷനെ സമീപിച്ചിട്ടുള്ളത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ രണ്ടാം എതിർകക്ഷിയെയും അപ്പീൽ ഹർജിക്കാരനേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 30.01.2023 തീയതി കമ്മീഷൻ ആസ്ഥാനത്ത് വച്ച് നടന്ന ഹിയറിംഗിൽ രണ്ടാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി.

3. പ്രസ്തുത അപേക്ഷയിലെ ചോദ്യം 1 ഒഴികെയുള്ള മറ്റ് ചോദ്യങ്ങളിൽ മേൽ ഹർജിക്കാരൻ സമർപ്പിച്ച മറ്റൊരു വിവരാവകാശ അപേക്ഷയിൻമേലുള്ള രണ്ടാം അപ്പീലിൻമേൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ആണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സപെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II ലെ എസ്.പി.ഐ.ഒ യെ മാത്രം നേരിൽ കേൾക്കാൻ ഇടയായത്.

4. കെ.ബി 3614/2011/ഇ4 എന്ന ഫയലിന്റെ മുഴുവൻ പേജിന്റെയും വിവരങ്ങൾ/ പകർപ്പ് എന്നിവയായിരുന്നു ടിയാൻ ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത ഫയൽ ടി ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വി.സി 02/2017/എസ്.ഐ.യു- II എന്ന വിജിലൻസ് കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി ശേഖരിച്ചിട്ടുള്ള രേഖയായതിനാലും ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും ആയത് വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം നിരസിച്ചതായി 16.11.2022 തീയതി എസ്.പി.ഐ.ഒ മറുപടി നൽകിയെന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നവെന്നും ഒന്നാം അപ്പീലിൻമേൽ എസ്.പി.ഐ.ഒയുടെ നടപടി ശരിവയ്ക്കുകയാണുണ്ടായതെന്നും ഹർജിക്കാരൻ ക്യാഷ് സെക്ഷൻ ക്ലാർക്കായി കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ ജോലി ചെയ്തിരുന്ന കാലയളവിലെ സാമ്പത്തിക തിരിമറികൾ സംബന്ധിച്ച് ടിയാനെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് വി.സി 02/2017/എസ്.ഐ.യു- II പ്രസ്തുത കേസ്സ് എന്നും ടി കേസിന്റെ അടിസ്ഥാനത്തിൽ ടിയാനെ പ്രോസിക്യൂട്ട് ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണെന്നും ടി സാഹചര്യത്തിലാണ് ടി വിജിലൻസ് കേസുമായി ബന്ധപ്പെട്ട രേഖകൾ കേസിലെ കുറ്റാരോപിതനായ വ്യക്തിയ്ക്ക് കൈമാറുന്നത് പ്രോസിക്യൂഷൻ

നടപടികളെ ദോഷകരമായി ബാധിക്കുമെന്നിതനാലാണ് വിവരങ്ങൾ നൽകാതിരുന്നത് എന്നാണ് രണ്ടാം എതിർകകക്ഷി കമ്മീഷനെ ബോധിപ്പിച്ചിട്ടുളളത്.

5. കേരള ഖാദി ബോർഡിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ സാമ്പത്തികമായി വിവരങ്ങൾ മുഴുവൻ എഴുതി സൂക്ഷിച്ചിരുന്ന ഡേബുക്കിനെ സംബന്ധിക്കുന്ന വിവരങ്ങളും 30.08.2019 തീയിയിൽ ഹിയറിംഗ് നടത്തിയിട്ട് നാളിതുവരെ തീരുമാനമാകത്തതിനെ കുറിച്ചുളള വിവരങ്ങളും ലഭ്യമക്കേണ്ടതിനാലാണ് കെ.ബി3614/2011/ഇ4 നമ്പർ ഫയലിന്റെ മുഴുവൻ ഫയലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടതെന്നും ആയതു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചിട്ടുളളത്.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. കെ.ബീ 3614/2011/ഇ4 നമ്പർ ഫയൽ അന്വേഷണവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥന്റെ പക്കലാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡി.വൈ.എസ്.പിയാണെന്നും വിജിലൻസ് കേസുകൾ 6 മാസത്തിനകം തീർപ്പാക്കണമെന്നുള്ള ഉത്തരവ് ഉണ്ടെന്നും ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ നിന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടു. വിജിലൻസ് കേസ് അന്വേഷണം ആരംഭിച്ചിട്ട് ഏകദേശം 6 വർഷം കഴിഞ്ഞുവെന്നാണ് ഹർജിക്കാരന്റെ മൊഴിയിൽ നിന്ന് മനസ്സിലാകുന്നത്. ഒരു വിജിലൻസ് കേസ് 6 മാസത്തിനുളളിൽ തീർപ്പാക്കണമെന്ന ഉത്തരവ് നിലനിൽക്കെ 6 വർഷം ആയിട്ടും യാതൊരു നടപടിയും ആയിട്ടില്ല എന്നത് കമ്മീഷൻ വളരെ ഗൗരവത്തിൽ കാണുന്നു. എൻക്വയറി ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുമുണ്ടായ ഗുരുതര വീഴ്ച ഹർജിക്കാരന്റെ അറിയുവാനുള്ള അവകാശ നിക്ഷേധമാണുണ്ടായിട്ടുള്ളത്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത എൻക്വയറി ഓഫീസർ കൂടിയായ ഡി.വൈ.എസ്.പി.ഐ.ഒ യെ വിവരാവകാശ നിയമം വകുപ്പ 5(5) പ്രകാരം ഡീംഡ് എസ്.പി.ഐ.ഒയായി കണക്കാക്കുന്നു. ***<u>മേൽ സാഹചര്യത്തിൽ പ്രസ്തുത കെ.ബി 3614/2011/ഇ4 നമ്പർ ഫയൽ സീൽഡ് കവറിൽ കമ്മീഷൻ മുമ്പാകെ 20.03.2023 തീയതി ഉച്ചയ്ക്ക് 2 മണിയ്ക്ക് 4-ാം എതിർകക്ഷി ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജിയിൻമേൽ ഇന്നേ ദിവസം 2023 മാർച്ച് മാസം 14 -ാം തീയതി ഉത്തരവാകുന്നു.</u>***

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT.

DESPATCHED
On 24/03/23.


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email: sic.ker@nic.in


ഹർജി നമ്പർ **AP.No.20(5)/23/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 180/SIC-G7/2023**

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി 22.03.2023

ശ്രീ. ആർ. ശിവരാജൻ ചെട്ടിയാർ,
ദേവികൃപ, ചെമ്പകമംഗലം,
കോരാണി പി.ഒ,
തിരുവനന്തപുരം - 695 104.

} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്,
വഞ്ചിയൂർ, തിരുവനന്തപുരം.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - II,
കുഞ്ചാലുംമൂട്, കരമന പി.ഒ,
തിരുവനന്തപുരം - 695 002.

അപ്പീൽ അധികാരി,
പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - II,
കുഞ്ചാലുംമൂട്, കരമന പി.ഒ,
തിരുവനന്തപുരം - 695 002.

ഡീംഡ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡി.വൈ.എസ്.പി,
പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് II,
കുഞ്ചാലുംമൂട്, കരമന പി.ഒ,
തിരുവനന്തപുരം - 695 002.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

1. അപ്പീൽഹർജിക്കാരൻ ശ്രീ ആർ ശിവരാജൻ 05.01.2023 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ AP No. 20(5)/23/SIC ആയി ഫയലിൽ സ്വീകരിച്ച് 2023 മാർച്ച് മാസം 14 ാം തീയതി തീർപ്പാക്കിയിരുന്നതാണ്. പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒയുടെ മൊഴിയിൽ നിന്നും ടിയാൻ ആവശ്യപ്പെട്ട കെ.ബി 3614/2011/ഇ4 ഫയൽ അന്വേഷണവുമായി ബന്ധപ്പെട്ട് ഫയൽ എൻക്വയറി ഓഫീസർ കൂടിയായ ഡി.വൈ.എസ്.പിയുടെ പക്കലാണെന്ന് വിലയിരുത്തിയ കമ്മീഷണർ വിവരാവകാശ നിയമം വകുപ്പ് 5(5) പ്രകാരം ഡീംഡ് എസ്.പി.ഐ.ഒയായി കണക്കാക്കി പ്രസ്തുത ഫയൽ 20.03.2023 തീയതി സീൽഡ് കവറിൽ മുമ്പാകെ കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി.
2. പ്രസ്തുത നിർദ്ദേശത്തെ തുടർന്ന് 20.03.2023 തീയതി കമ്മീഷൻ ആസ്ഥാനത്ത് ഹാജരായ 4 ം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.
3. 2001 മുതൽ 2011 വരെ കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഓഫീസിൽ ഹർജിക്കാരൻ ക്യാഷ്യർ ആയി ജോലി ചെയ്ത് വരവെ ക്യാഷ് ഇടപാടുകളിൽ ടിയാൻ നടത്തിയ തിരിമറികൾ സംബന്ധിച്ചുള്ള അന്വേഷണയുമായി ബന്ധപ്പെട്ട ഫയലിന്റെ വിവരമാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും പ്രസ്തുത കാലയളവിലെ രേഖകൾ ഖാദി ബോർഡിന്റെ സംസ്ഥാന ഓഫീസ്, ജില്ലാ യൂണിറ്റുകൾ, ബാങ്ക്, ട്രഷറി എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് പരിശോധിക്കുന്നതിനും പ്രസ്തുത കാലഘട്ടത്തിൽ ടിയാനോടൊപ്പം ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെയും മറ്റും കണ്ടുപിടിച്ച് അന്വേഷണം നടത്തുന്നതിനും പ്രതി തിരുത്തൽ വരുത്തിയ രേഖകൾ കണ്ടെത്തി അവ ഫോറൻസിക് പരിശോധനയ്ക്ക് അയച്ചു നൽകി പരിശോധനാഫലം വാങ്ങി അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് നിയമോപദേശം വാങ്ങിയ ശേഷം റിപ്പോർട്ട് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതും ഇത്തരം നടപടിക്രമങ്ങൾ പാലിച്ച് അന്വേഷണം നടത്തുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നുവെന്നും ടി ഫയൽ സംബന്ധിച്ച് ടിയാൻ വിവരാവകാശ അപേക്ഷ സമർപ്പിച്ച കാലയളവിൽ കേസ് അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാലാണ് വിവരാവകാശ നിയമം വകുപ്പ് 8(1) (എച്ച്) പ്രകാരം നിരസിച്ചതെന്നും 24.12.2022 തീയതിയിൽ കേസന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് തയ്യാറാക്കി ബഹു. ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് 28.01.2023 തീയതിയിൽ ടി ഫയൽ തിരികെ വാങ്ങുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ച് അയയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായും തുടർന്ന് ചുമതലപ്പെടുത്തിയിട്ടുള്ള കേരള ഖാദി ആന്റ് ഗ്രാമ വ്യവസായ ബോർഡ് ആസ്ഥാനത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. അനിൽ രാജ്. ജെ മുഖാന്തിരം ടി ഫയൽ മടക്കി നൽകിയെന്നും ഡീംഡ് എസ്.പി.ഐ.ഒ കമ്മീഷനെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി.

4. വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട വിശദമായ മൊഴിയാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത്. എസ്.പി.ഐ.ഒ നൽകിയ മൊഴിയും റിപ്പോർട്ടും അംഗീകരിക്കാവുന്നതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. പരാതിയുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയാക്കി 22.02.2023 തീയതിയിലെ വി.സി 02/2017/എസ്.ഐ.യു 2 നമ്പർ കത്ത് പ്രകാരം കെ.ബി 3614/11/ഇ4 നമ്പർ ഫയൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓഫീസിൽ കൈപ്പറ്റിയ സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരം നൽകാൻ കഴിയുമോ എന്ന് വിജിലൻസ് വകുപ്പിന്റെ അനുമതി വാങ്ങിയശേഷം വിവരം നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. കമ്മീഷൻ നിർദ്ദേശം യഥാവിധി നടപ്പിലാക്കിയ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ 2 ഡി.വൈ.എസ്.പി ശ്രീ. റ്റി. അനിൽ കുമാറിനെ കല്പിത പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സ്ഥാനത്ത് നിന്നും ഒഴിവാക്കികൊണ്ട് ഈ അപ്പീൽ ഹർജിയിൻമേലുള്ള നടപടികൾ എല്ലാം അവസാനിപ്പിച്ച് ഇന്നേ ദിവസം 2023 മാർച്ച് മാസം 22 ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി